കേരള സർക്കാർ

# കേരള
# കെമിക്കോ-ലീഗൽ പരിശോധന
# ചട്ടങ്ങൾ

(1983 ജൂൺ 30 വരെയുള്ള ഭേദഗതികൾ സഹിതം)

©
കേരള സർക്കാർ
1985

തിരുവനന്തപുരം സർക്കാർ പ്രസ്സിൽ, പ്രസ്സ് സൂപ്രണ്ടിനാൽ
1985-ൽ അച്ചടിക്കപ്പെട്ടത്.

# കേരള സർക്കാർ

## ആഭ്യന്തരം (എ) വകുപ്പ്

# കേരള കെമിക്കോ-ലീഗൽ പരിശോധന ചട്ടങ്ങൾ

ജി. ഒ. എം. എസ്. നമ്പർ 624/ആഭ്യന്തരം. തിരുവനന്തപുരം, 1959 ആഗസ്ററ് 18.

രാസ പരിശോധനകൾക്കായി പദാർത്ഥങ്ങൾ കെമിക്കൽ എക്സാമിനർക്ക് അയയ്ക്കുന്ന രീതിയെ ക്രമീകരിച്ചുകൊണ്ടും, ഈ വിഷയത്തിൽ നിലവിലുള്ള ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ടും താഴെപ്പറയുന്ന ചട്ടങ്ങൾ കേരള സർക്കാർ ഇതിനാൽ ഉണ്ടാക്കിയിരിക്കുന്നു.

### വിഭാഗം I

1. (എ) ഈ ചട്ടങ്ങളെ കേരള കെമിക്കോ-ലീഗൽ പരിശോധനാ ചട്ടങ്ങൾ എന്നു വിളിക്കാവുന്നതാണ്.

(ബി) ഇത് ഉടനെ പ്രാബല്യത്തിൽ വരുന്നതാണ്.

2. (എ) പരിശോധനയ്ക്കായി പദാർത്ഥങ്ങൾ കെമിക്കൽ എക്സാമിനർക്കു അയയ്ക്കുമ്പോൾ പ്രധാനമായി മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കണം. അതായത് അനന്യതയുടെ തെളിവ്, വഴിമദ്ധ്യേ ഏതെങ്കിലും മാററിമറിക്കലിനുള്ള സാദ്ധ്യതയില്ലായ്മ, പദാർത്ഥങ്ങൾ വിഘടിച്ചുപോകുന്നതിൽ നിന്നുള്ള സംരക്ഷണം.

(ബി) ഈ ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടാത്ത ഓരോ സംഗതിയും കെമിക്കൽ എക്സാമിനർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

3. പോലീസിനോ, മജിസ്ട്രേട്ടിനോ, എക്സൈസ് ഓഫീസർക്കോ ജുഡീഷ്യൽ ആവശ്യത്തിനായി പരിശോധനകൾ ആവശ്യമായി വരുന്ന ഓരോ കേസിലും കെമിക്കൽ എക്സാമിനർ തന്റെ റിപ്പോർട്ടിൽ കഴിവുള്ളിടത്തോളം പരിമാണികവിശ്ലേഷണം നൽകേണ്ടതാണ്. എന്തെന്നാൽ ക്രിമിനൽ നടപടി നിയമസംഹിതയുടെ 510-ാം വകുപ്പ് അനുസരിച്ച് കേസിന്റെ അന്വേഷണത്തിലും വിചാരണയിലും ഈ റിപ്പോർട്ട് നിയമാനുസൃതവും പ്രധാന തെളിവും ആയിരിക്കുന്നതാണ്. (ജി. ഒ. ആർ. ടി. നമ്പർ 901/70/ആഭ്യന്തരം തീയതി 22-5-1970).

4. (എ) രക്തം, ശുക്ലം എന്നിവ പരിശോധിക്കേണ്ട കേസുകളിൽ ഇവ പുരണ്ട തൊണ്ടി സാധനങ്ങളിൽ ഇവയുടെ പാട് വളരെ സൂക്ഷ്മമോ എണ്ണത്തിൽ അസംഖ്യമോ അല്ലെങ്കിൽ ഇവയുടെ എണ്ണവും, വ്യാപ്തിയും എത്രയാണെന്ന് റിപ്പോർട്ടിൽ കാണിക്കേണ്ടതാണ്.

(ബി) വളരെ പ്രധാനപ്പെട്ട കേസുകളിൽ രക്തക്കറകൾ കൽക്കത്തയിലുള്ള ഭാരത സർക്കാരിന്റെ സീറോളജിസ്ററിനു പരിശോധനയ്ക്കായി അയയ്ക്കേണ്ടതാണ്. [ജി. ഒ. (എം. എസ്) നമ്പർ 322/ആഭ്യന്തരം തീയതി 16-6-1961].

5. വ്യക്തിപരമായ അറിവിലൂടെ റിപ്പോർട്ടിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുവാൻ കഴിവുള്ള ഒരു ഓഫീസർ കെമിക്കൽ എക്സാമിനറുടെ റിപ്പോർട്ടിൽ ഒപ്പുവയ്ക്കേണ്ടതാണ്.

6. കെമിക്കൽ എക്സാമിനറുടെ അഭിപ്രായത്തിനായി പദാർത്ഥങ്ങൾ അയയ്ക്കേണ്ടത് ആവശ്യമായി വരുമ്പോൾ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർക്ക് മജിസ്ട്രേട്ടോ, പോലീസ് ഓഫീസറോ കൃത്യവും പ്രത്യേകവുമായ അഭ്യർത്ഥന അയയ്ക്കേണ്ടതാണ്.

7. പരിശോധനയ്ക്കായി കെമിക്കൽ എക്സാമിനർക്ക് പദാർത്ഥങ്ങൾ അയയ്ക്കുന്ന എല്ലാ ഓഫീസർമാരും അവയോടൊപ്പം അയയ്ക്കുന്ന കത്തിൽ താഴെപ്പറയുന്ന വിവരങ്ങൾ നല്കുവാൻ ബാദ്ധ്യസ്ഥരാണ്.

(എ) ആവശ്യമായ പരിശോധനയുടെ ഉദ്ദേശ്യത്തെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ.

(ബി) കേസിന്റെ സ്വഭാവം ഏതായാലും അതിനെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ.

8. മജിസ്ട്രേട്ടുമാർക്കും പോലീസ് ഓഫീസർമാർക്കും മാർഗ്ഗനിർദ്ദേശം നൽകുന്ന ചട്ടങ്ങൾ രണ്ടാം ഭാഗത്തിലും മെഡിക്കൽ ഓഫീസർമാർക്കുള്ളതു മൂന്നാം ഭാഗത്തിലും അടങ്ങിയിരിക്കുന്നു.

കുറിപ്പ് :— ഒരു വിഭാഗവും തനതായി പൂർണ്ണമല്ലാത്തതും, ഓരോ ഭാഗവും മറ്റേ ഭാഗത്തിന് അനുപൂരകമായിത്തീരുന്നതും ആകുന്നു. ഈ ചട്ടങ്ങളുടെ ആവശ്യത്തിനായി "പോലീസ് ഓഫീസർ" എന്ന പദപ്രയോഗത്തിൽ സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഓഫീസറോ ഒരു പോലീസ് സ്റ്റേഷന്റെ ചാർജ്ജു വഹിക്കുന്ന ഓഫീസറോ ഉൾപ്പെടുന്നതും, "മെഡിക്കൽ ഓഫീസർ" എന്ന പദപ്രയോഗത്തിൽ മരണാനന്തര പരിശോധനയോ മററു പരിശോധനകളോ നടത്തുന്ന "വെററിനറി ഓഫീസർ" മാരും ഉൾപ്പെടുന്നു.

## വിഭാഗം II

## മജിസ്ട്രേട്ടുമാരേയും പോലീസ് ഓഫീസർമാരേയും മാർഗ്ഗനിർദ്ദേശം ചെയ്യുന്ന ചട്ടങ്ങൾ

9. വിഷബാധ സംശയിക്കപ്പെടുന്ന കേസുകളിലും കെമിക്കൽ എക്സാമിനറുടെ സഹായം ആവശ്യമെന്നു കരുതുന്ന മററു കേസുകളിലും പദാർത്ഥങ്ങൾ കെമിക്കൽ എക്സാമിനർക്കു അയയ്ക്കുമ്പോൾ മജിസ്ട്രേട്ടുമാരും പോലീസ് ഓഫീസർമാരും ഈ വിഭാഗത്തിലെ ചട്ടങ്ങൾ അനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്.

10. (എ) ഒരു മജിസ്ട്രേട്ടിന്റേയോ, പോലീസ് ഓഫീസറുടേയോ രേഖാമൂലമായ ആവശ്യപ്പെടൽ കൂടാതെ മെഡിക്കോ ലീഗൽ പരിശോധനയ്ക്കുള്ള പദാർത്ഥങ്ങൾ മെഡിക്കൽ ഓഫീസർമാർ കെമിക്കൽ എക്സാമിനർക്ക് അയയ്ക്കുവാൻ പാടില്ല. കെമിക്കൽ എക്സാമിനറുടെ അഭിപ്രായം ലഭിക്കുന്നതു ഉചിതമാണെന്നു മെഡിക്കൽ ഓഫീസർക്കു തോന്നുന്ന അവസരത്തിൽ, തീർച്ചയായും അങ്ങനെയുള്ള അഭ്യർത്ഥന കൃത്യമായിത്തന്നെ നൽകേണ്ടതാണ്. നേരേമറിച്ച് മെഡിക്കൽ ഓഫീസറുടെ അഭിപ്രായം ഇത്തരം നടപടികൾക്ക് എതിരാണെങ്കിൽപോലും, ഒരു മജിസ്ട്രേട്ടിന്റേയോ, പോലീസ് ഓഫീസറുടേയോ രേഖാമൂലമായ ആവശ്യപ്പെടൽ ഉണ്ടെങ്കിൽ പദാർത്ഥങ്ങൾ കെമിക്കൽ എക്സാമിനർക്ക് അയയ്ക്കുവാൻ മെഡിക്കൽ ഓഫീസർ ബാദ്ധ്യസ്ഥനാണ്.

(ബി) കെമിക്കൽ എക്സാമിനറുടെ അഭിപ്രായം ലഭിക്കേണ്ടത് ഉചിതമാണെന്നു മെഡിക്കൽ ഓഫീസർക്കു തോന്നുന്ന പദാർത്ഥങ്ങരം വേഗത്തിൽ ചീത്തയാവുന്നവയാണെങ്കിൽ മജിസ്ട്രേട്ടിന്റേയോ പോലീസ് ഓഫീസറുടേയോ അപേക്ഷ കിട്ടുമെന്നുള്ള മുൻവിധിയോടെ അവയെ കെമിക്കൽ എക്സാമിനറുടെ പേർക്ക് അയയ്ക്കാവുന്നതാണ്. ആന്തരികാവയവങ്ങളും വേഗത്തിൽ ചീത്തയാകുന്ന മററു പദാർത്ഥങ്ങളും 24 മണിക്കൂർ സമയത്തിൽ കൂടുതൽ മെഡിക്കൽ ആഫീസർ സൂക്ഷിക്കുവാൻ പാടില്ല. അത്തരം കേസുകളിൽ പരിശോധന, ആവശ്യപ്പെട്ടുകൊണ്ട് പദാർത്ഥങ്ങരം അയച്ച വിവരം മെഡിക്കൽ ഓഫീസർ ഉടൻതന്നെ ഈ ചട്ടപ്രകാരം അധികാരപ്പെട്ട ഓഫീസറെ അറിയിക്കുകയും പ്രസ്തുത ഓഫീസർ ചട്ടം 11-ലും 12-ലും പറഞ്ഞിട്ടുള്ള വിവരങ്ങരം അടങ്ങുന്ന ഒരു അപേക്ഷ അടുത്ത തപാലിൽതന്നെ അയയ്ക്കേണ്ടതുമാണ്.

11. കെമിക്കൽ എക്സാമിനർക്ക് പദാർത്ഥങ്ങരം പരിശോധനയ്ക്ക് അയയ്ക്കണമെന്നു മെഡിക്കൽ ഓഫീസർമാക്കു നിർദ്ദേശം നൽകുന്നതോടൊപ്പം പോലീസ് ഓഫീസർമാരും, മജിസ്ട്രേട്ടുമാരും അവർ നൽകിയ നിർദ്ദേശത്തിന്റെ നമ്പരും തീയതിയും കെമിക്കൽ എക്സാമിനറെ അറിയിക്കേണ്ടതു കെമിക്കൽ എക്സാമിനർക്കു കേസിന്റെ ഒരു ലഘുവിവരണവും താഴെപ്പറയുന്ന വിവരങ്ങളും നൽകേണ്ടതുമാണ്.

(എ) കുററകൃത്യത്തിന്റെ തീയതിയും; സമയവും.

(ബി) തൊണ്ടിസാധനങ്ങരം ശേഖരിച്ച തീയതിയും, സമയവും.

(സി) സർട്ടിഫിക്കററ് അത്യാവശ്യമാണെങ്കിൽ ആ വിവരവും, പരിശോധനയ്ക്കുശേഷം സാധനങ്ങരം തിരിച്ചയക്കണമെങ്കിൽ ആ വിവരവും പ്രത്യേകമായി കാണിക്കേണ്ടതാണ്.

(ഡി) കുററപത്രം നൽകിയശേഷമാണു സാധനങ്ങരം അയക്കുന്നതെങ്കിൽ, കേസു വച്ചിരിക്കുന്ന തീയതികൂടി കാണിക്കേണ്ടതാണ്.

കുറിപ്പ് : പദാർത്ഥങ്ങരംക്കു വലിപ്പക്കൂടുതലുണ്ടായിരിക്കുകയും തപാലിൽ സൗകര്യമായി തിരിച്ചയക്കുവാൻ സാധിക്കാതിരിക്കുകയും അവയുടെ പരിശോധന പെട്ടെന്ന് അവസാനിക്കുകയും ചെയ്യുകയാണെങ്കിൽ, സാധനങ്ങരം തിരിച്ചുകൊണ്ടുപോകുവാനായി ദൂതനോട് കാത്തിരിക്കാൻ ആവശ്യപ്പെടേണ്ടതാണ്. അത്തരം കേസുകരംക്ക് കെമിക്കൽ എക്സാമിനർ, മുൻഗണന നൽകേണ്ടതും പദാർത്ഥങ്ങരം അതേ ദൂതൻ വഴി തിരിച്ചയക്കേണ്ടതും ആകുന്നു.

12. വിഷബാധ സംശയിക്കപ്പെടുന്ന കേസുകളിൽ മജിസ്ട്രേട്ടുമാരും, പോലീസ് ഓഫീസർമാരും കെമിക്കൽ എക്സാമിനർക്കു വിവരം നൽകേണ്ടത് താഴെപറയുന്ന കാര്യങ്ങളെ സംബന്ധിച്ചായിരിക്കണം.

(എ) ഏററവും അവസാനമായി ഭക്ഷണമോ പാനീയമോ കഴിക്കുകയും വിഷബാധയുടെ ലക്ഷണങ്ങരം ആദ്യമായി കാണുകയും ചെയ്തതു തമ്മിൽ എത്ര സമയത്തെ ഇടവേളയുണ്ടായിരുന്നു ?

(ബി) ഏററവും അവസാനമായി ഭക്ഷണമോ, പാനീയമോ കഴിക്കുകയും മരണം (മരണം സംഭവിച്ചുവെങ്കിൽ) സംഭവിക്കുകയും ചെയ്തതു തമ്മിൽ എത്ര സമയത്തെ ഇടവേളയുണ്ടായിരുന്നു ?

(സി) ആദ്യലക്ഷണങ്ങരം എന്തെല്ലാമായിരുന്നു ?

(ഡി) താഴെപ്പറയുന്ന ഏതെങ്കിലും ലക്ഷണം ഉണ്ടായിരുന്നോ ? എങ്കിൽ ഏതെല്ലാം ?

(i) ഛർദിയും വയറിളക്കവും
(ii) ഗാഢനിദ്ര
(iii) തൊണ്ടയും തൊലിയും തരിക്കുക
(iv) പേശികളുടെ വലിഞ്ഞുമുറുക്കം അഥവാ കോച്ചിപ്പിടുത്തം
(v) പിച്ചും പേയും പറയുക, ഭാവനയിൽ കാണുന്ന വസ്തുക്കളിൽ കടന്നുപിടിക്കുക.

(ഇ) മററു ഏതെങ്കിലും ലക്ഷണങ്ങൾ ശ്രദ്ധിച്ചിരുന്നോ ?

(എഫ്) സംശയിക്കപ്പെട്ട ഭക്ഷണം, പാനീയം ഇവ മററാരെങ്കിലും കൂടി കഴിച്ചുവോ ? എങ്കിൽ അവരും ഇതേ തരത്തിൽ വിഷബാധ ഏററതിൻെറ ലക്ഷണങ്ങൾ കാണിച്ചുവോ ?

13. കഴിച്ചിട്ടുള്ള വിഷം ഏതു വിഭാഗത്തിലുള്ളതാണെന്ന് നിർണ്ണയിക്കുവാൻ സഹായകരമായ മറേറതെങ്കിലും വിവരങ്ങൾ ലഭ്യമാണെങ്കിൽ അതുംകൂടി ഇതോടൊപ്പം നൽകേണ്ടതാണ്.

14. ജുഡീഷ്യൽ ആവശ്യങ്ങൾക്ക് രാസപരിശോധന നടത്തുവാൻ മെഡിക്കൽ ഓഫീസർമാർ അയോഗ്യരാകയാൽ അവരിൽനിന്നുമുള്ള രാസപരിശോധന സർട്ടിഫിക്കററുകൾ സ്വീകരിക്കുവാൻ പാടില്ലാത്തതാകുന്നു.

15. മനുഷ്യനിലോ മൃഗത്തിലോ വിഷബാധ സംശയിക്കപ്പെടുന്ന ഓരോ കേസിലും പരിശോധന ആവശ്യമായ പദാർത്ഥങ്ങൾ അടുത്തുള്ള മെഡിക്കൽ ഓഫീസർ ശേഖരിച്ചു കെമിക്കൽ എക്സാമിനർക്കു അയക്കേണ്ടതാണ്. എന്നാൽ അവിടെ ഒരു മൃഗാശുപത്രി ഉണ്ടായിരിക്കുകയോ, വെററിനറി ഡിപ്പാർട്ടുമെൻറിലെ ഒരു ഓഫീസറുടെ സേവനം ലഭ്യമാവുകയോ ചെയ്താൽ മൃഗങ്ങളുടെ മരണാനന്തര പരിശോധനയോ മററു പരിശോധനകളോ ആ ഉദ്യോഗസ്ഥൻ ചെയ്യേണ്ടതും പദാർത്ഥങ്ങൾ അദ്ദേഹം അയക്കേണ്ടതുമാണ്. കെമിക്കൽ എക്സാമിനർക്കു സാധനങ്ങൾ നേരിട്ടുതന്നെ അയക്കേണ്ടതു അഭിലഷണീയമാക്കിത്തീർക്കുന്ന ഏതെങ്കിലും അസാധാരണ പരിതഃസ്ഥിതി ഉണ്ടെങ്കിൽ മൂന്നാം വിഭാഗത്തിലെ നിർദ്ദേശങ്ങൾ (ചട്ടം 22 മുതൽ 31 വരെ) ശ്രദ്ധാപൂർവ്വം പാലിക്കപ്പെടേണ്ടതാണ്.

16. രക്തമോ ശുക്ലമോ എന്നു സംശയിക്കപ്പെടുന്ന കറകൾ : രക്തത്തിൻെറയോ ശുക്ളത്തിൻേറയോ കറ ഉണ്ടോ എന്നു പരാശോധിക്കേണ്ട സാധനങ്ങൾ താഴെപ്പറയുന്ന ചട്ടങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടു കെമിക്കൽ എക്സാമിനർക്കു നേരിട്ടു അയക്കേണ്ടതാണ് :–

(i) തുണികൾ അയക്കുമ്പോൾ അവ മുഴുവനായി അയക്കേണ്ടതും കറകളുടെ സ്ഥാനം പെൻസിൽ അടയാളത്താലോ, മൊട്ടുസൂചി കുത്തിയോ മറേറാ സൂചിപ്പിക്കുവാൻ പാടില്ലാത്തതും ആകുന്നു. ഭിത്തി, തറ, വീട്ടുസാധനങ്ങൾ എന്നിവയിലുള്ള കറകൾ ചുരണ്ടിയെടുക്കുവാൻ പാടില്ല. അവയെ സൂക്ഷ്മതയോടെ മുറിച്ച് മാറേറണ്ടതാണ്. മണ്ണ്, ചുണ്ണാമ്പ് മുതലായവ പോലെ പൊടിഞ്ഞുപോവുന്ന സാധനങ്ങളാണെങ്കിൽ അവയുടെ ഉപരിതലത്തിനു പരിക്കുപററാതെ സൂക്ഷിക്കുവാനായി സൂക്ഷ്മതയോടെ പഞ്ഞികൊണ്ട് പൊതിഞ്ഞ് പെട്ടിയിൽ അടക്കം ചെയ്യേണ്ടതാണ്. ഈർപ്പമുള്ളതോ, കുതിർന്നതോ ആണെങ്കിൽ തുണികളും അതുപോലുള്ള വസ്തുക്കളും പൊതിഞ്ഞു കെട്ടുന്നതിനു മുമ്പും ശ്രദ്ധിച്ചു ഉണക്കേണ്ടതാണ്. അല്ലെങ്കിൽ കറകൾ വേഗത്തിൽ വിഘടനം ചെയ്യപ്പെടുകയും അവയുടെ സ്വഭാവം നിർണ്ണയിക്കുവാൻ അസാദ്ധ്യമായിത്തീരുകയും ചെയ്യും.

(ii) പ്രത്യേകപരിശോധന ആവശ്യമായ ഓരോ പദാർത്ഥവും പ്രത്യേകം പൊതിഞ്ഞുകെട്ടേണ്ടതും ലേബൽ ഒട്ടിക്കേണ്ടതുമാകുന്നു. ലേബലുകളിൽ അനുക്രമത്തിൽ നമ്പർ ഇടേണ്ടതും കെമിക്കൽ എക്സാമിനർക്കുള്ള അഭ്യർത്ഥനയുടെ നമ്പരും തീയതിയും എഴുതേണ്ടതും ആകുന്നു. വിവിധ പദാർത്ഥങ്ങളുടെ ആകൃതി അസാദ്ധ്യമാക്കിത്തീർക്കുന്നില്ലെങ്കിൽ ഒരു കേസിൽപ്പെട്ട എല്ലാ പാക്കററുകളും ഒരു പെട്ടിയിലോ ബാഹ്യമായ ആവരണത്തിലോ അടക്കം ചെയ്യേണ്ടതാണ്. വ്യത്യസ്ത കേസുകളിൽ ഉൾപ്പെട്ട പദാർത്ഥങ്ങൾ ഒരിക്കലും ഒരു പൊതിക്കുള്ളിൽ അടക്കംചെയ്ത് അയയ്ക്കുവാൻ പാടില്ല. പൊതിയാനുള്ള വസ്തുക്കളായി ഒരിക്കലും അയയ്ക്കേണ്ട പദാർത്ഥങ്ങൾ ഉപയോഗിക്കരുത്. കറകളുണ്ടെന്നു സംശയിക്കപ്പെടുന്ന ഉപകരണങ്ങളിൽ ഒരിക്കലും ലേബൽ ഒട്ടിക്കുവാൻ പാടില്ല. അയയ്ക്കുന്ന ഓഫീസർ എല്ലാ പദാർത്ഥങ്ങളും സൂക്ഷ്മതയോടെ സീൽ ചെയ്യേണ്ടതാണ്. സീൽ കേടുവരുത്താതെ തുറക്കുവാൻ പററാത്ത വിധത്തിലായിരിക്കണം പൊതിഞ്ഞുകെട്ടേണ്ടത്. എല്ലാ അവസരത്തിലും ഒരേ സീൽ മാത്രം ഉപയോഗിക്കേണ്ടതും, അതു സുരക്ഷിതമായി സൂക്ഷിക്കപ്പെടുന്ന ആഫീസിലോ, ആഫീസറുടെ സ്വന്തം സീലോ ആയിരിക്കേണ്ടതും ആകുന്നു. താക്കോൽ, കട്ടികൾ മുതലായവയുടെ മുദ്രിതരൂപങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. കെമിക്കൽ എക്സാമിനർക്കു പ്രത്യേകമായി ഒരു സൂചനക്കത്ത് അയയ്ക്കേണ്ടതാണ്. കത്തിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തിയിരിക്കണം.

(എ) പാക്കററുകൾ അയയ്ക്കുവാൻ ഉപയോഗിച്ച സീലിന്റെ ഒരു മുദ്രിത രൂപവും അതിന്റെ വിവരണവും :

(ബി) അയയ്ക്കുന്ന പദാർത്ഥങ്ങളുടെ ഒരു പട്ടികയും അവ എങ്ങനെ അയയ്ക്കുന്നു എന്ന വിവരവും. പട്ടികയിലെ പദാർത്ഥങ്ങളിൽ എഴുതിയിട്ടുള്ള നമ്പരുകൾ, ലേബലിലെ നമ്പരുമായി പൊരുത്തപ്പെടേണ്ടതാണ്.

(സി) ആയുധങ്ങൾ, തുണികൾ തുടങ്ങി ഏതെങ്കിലും പദാർത്ഥങ്ങൾ പരിശോധനയ്ക്കുശേഷം മടക്കി അയയ്ക്കണമെങ്കിൽ ആ വിവരം.

(ഡി) എത്ര മനുഷ്യരെ അല്ലെങ്കിൽ മൃഗങ്ങളെ ബാധിച്ചു എന്നും, എത്ര എണ്ണം മരിച്ചു എന്നും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ എത്രാമത്തെ വകുപ്പനുസരിച്ച് കുററാരോപണം നടത്തുന്നുവെന്നുള്ള വിവരങ്ങൾ.

(ഇ) ക്രൈം നമ്പർ

(എഫ്) കേസിന്റെ വിസ്താരത്തിനു കോടതി തീയതി നിശ്ചയിച്ചെങ്കിൽ അത്.

(ജി) കറകളിൽ ഏതെങ്കിലുമോ മുഴുവനുമോ സൂര്യപ്രകാശമോ മഴയോ ഏററുവെങ്കിൽ ആ വിവരവും, അതെത്ര നേരമാണെന്നും. മഴ നനഞ്ഞുവെങ്കിൽ ചെറിയ മഴയോ കനത്ത മഴയോ എന്ന്. വസ്ത്രങ്ങളാണെങ്കിൽ അവ കഴുകുവാൻ ഏതെിലും ഉദ്യമം നടന്നിട്ടുണ്ടോ എന്ന്. അവ മണ്ണു പുരണ്ടതാണെങ്കിൽ മണ്ണിന്റെ സ്വഭാവം—ഇളകിയ മണ്ണ് ചൊരിമണൽ, ഉറച്ചമണ്ണ്, കൃഷി നടത്തിയ മണ്ണ് തുടങ്ങിയവ. കറ പുരണ്ടതു ഇലയിലാണെങ്കിൽ ആ വൃക്ഷത്തിന്റെ അല്ലെങ്കിൽ സസ്യത്തിന്റെ പേര്.

## പലവക പരിശോധനകൾ

17. (എ) കറുപ്പിലെ മോർഫിനും മററും ഘടകങ്ങളും നിർണ്ണയിക്കുക, കഞ്ചാവ്, മററു മയക്കുമരുന്നുകൾ, നാണയങ്ങൾ, പ്രമാണങ്ങൾ, പെയിൻറ് എന്നിവയും വെടിവയ്പു കേസുകളിൽ തോക്കുകൾ, വെടിയുണ്ടകൾ തോക്കിന്റെ കുഴലിനകത്തെ അവക്ഷിപ്തം വെടിക്കെട്ട്, മററു സ്ഫോടനങ്ങൾ, തീവയ്പ്പ്

എന്നിവയിൽ ഉൾപ്പെട്ട സാധനങ്ങൾ, അസ്ഥികൾ, രോമം, മദ്യം, പ്രാബല്യത്തിലുള്ള അബ്കാരി നിയമത്തിൻ കീഴിലുള്ള കുററകൃത്യങ്ങളിൽ ഉൾപ്പെടുന്ന വ്യാജമദ്യത്തിന്റെ സാമ്പിൾ, രക്തം എന്നിവയുടെ പരിശോധന, ഇവ ഈ തലകെട്ടിൻകീഴിൽ വരുന്നു.

(ബി) മുകളിൽ സൂചിപ്പിച്ച ഏതെങ്കിലും പലവക സാധനങ്ങൾ മജിസ്ട്രേട്ടുമാർ, പോലീസ് ഓഫീസർമാർ, എക്സൈസ് ഓഫീസർമാർ, എന്നിവർ അയയ്ക്കുമ്പോൾ വിഭാഗം III ചട്ടം 30-ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ യഥാവിധി പാലിക്കേണ്ടതും കെമിക്കൽ എക്സാമിനർക്കു അയയ്ക്കുന്ന കത്തിൽ ആവശ്യമായ പരിശോധനയുടെ സ്വഭാവവും, ഉദ്ദേശ്യവും, എഴുതേണ്ടതും, അതിനുപുറമേ നിശ്ചിത പരിശോധന നടത്തുവാൻ കെമിക്കൽ എക്സാമിനറെ സഹായിച്ചേക്കാവുന്ന മററു വിവരങ്ങൾകൂടി അറിയിക്കുകയും ചെയ്യേണ്ടതാണ്.

(സി) (1) തോക്കുകൾ, വെടിക്കോപ്പുകൾ മുതലായവയുടെ പരിശോധനയിൽ സാധാരണയായി താഴെപ്പറയുന്ന കാര്യങ്ങളിലാണ് വിദഗ്ദ്ധോപദേശം ആരായുന്നത്. (i) ആയുധത്തിൽ വിരലടയാളമോ രക്തത്തിന്റെ അടയാളമോ കാണപ്പെടുന്നുണ്ടോ ? (ii) ആയുധത്തിൽനിന്നും അടുത്തകാലത്ത് വെടിപൊട്ടിയതിന്റെ അടയാളം കാണുന്നുവോ, എങ്കിൽ ഉപയോഗപ്പെടുത്തിയ വെടിമരുന്നിന്റെ സ്വഭാവം അറിയുവാൻ (iii) തുണിയിൽ രക്തമോ വെടിമരുന്നോ, കാണപ്പെടുന്നുണ്ടോ ? (iv) വെടിയുണ്ടയുടെ അളവുകൾ, ഭാരം എന്നിവ അറിയുവാൻ (v) കണ്ടെടുത്ത വെട്ടിയുണ്ട അഥവാ സ്ഫോടകവസ്തു ഒരു പ്രത്യേക ആയുധത്തിൽ വച്ചാണോ വെടി തീർന്നതെന്നറിയുവാൻ.

(2) തോക്കുകളും സ്ഫോടകവസ്തുക്കളും അവയുടെ പുറത്തുള്ള അടയാളങ്ങൾ മാഞ്ഞുപോവുകയോ മാററംവരുകയോ ചെയ്യാത്തവിധത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തിവേണം കൈകാര്യം ചെയ്യേണ്ടതും പൊതിഞ്ഞു കെട്ടേണ്ടതും. തോക്കിൻകുഴലിന്റെ വായ്ഭാഗം കോർക്കുകൊണ്ടു നല്ലതുപോലെ മുറുക്കി അടയ്ക്കേണ്ടതാണ്.

(3) ധൂളി, രക്തത്തിന്റെ അടയാളം, ജ്വലനത്തിന്റെ ലക്ഷണം എന്നിവയ്ക്കായി മുറിവേററ ആളിന്റെ വസ്ത്രത്തെ സസൂക്ഷ്മം പരിശോധിക്കേണ്ടതാണ്. വെടിയുണ്ട വസ്ത്രത്തിലൂടെ കടന്നുപോയിട്ടുണ്ടെങ്കിൽ, അപ്രകാരമുള്ള തുളഞ്ഞു കയറൽ കാണപ്പെടുന്ന ഭാഗം മജിസ്ട്രേട്ടോ അല്ലെങ്കിൽ ബന്ധപ്പെട്ട പോലീസ് ഓഫീസറോ സസൂക്ഷ്മം പരിശോധിക്കേണ്ടതും വിവരണം എഴുതേണ്ടതും ആകുന്നു. വസ്ത്രങ്ങളുടെ പരിശോധനയിൽ അവയിൽ പററിപ്പിടിച്ചിരിക്കുന്ന ധൂമരഹിതധൂളികൾ, പാളികൾ എന്നിവ വേർപ്പെട്ടു നഷ്ടപ്പെടാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അവയെ സശ്രദ്ധം സൂക്ഷിച്ചു വയ്ക്കുകയും പരിശോധനയ്ക്കു അയയ്ക്കേണ്ടതും ആകുന്നു. വിശദവും കൃത്യവുമായ നിരീക്ഷണവും, ഓരോ മുറിവിന്റേയും രേഖയും അനന്തരമുള്ള അവയുടെ വിലയിരുത്തലുകൾക്കു ആവശ്യമാണ്. വസ്ത്രങ്ങൾ പരിശോധിച്ച് ഏതു ദിശയിൽ നിന്നുമാണ് വെടിവയ്ക്കപ്പെട്ടതെന്ന കാര്യത്തിൽ അഭിപ്രായം പറയുന്നതിനുമുമ്പ് പ്രസ്തുത വസ്ത്രത്താൽ ആച്ഛാദിതമായ ശരീരത്തിന്റെ ഏതു ഭാഗത്താണ് മുറിവുണ്ടായതെന്ന കാര്യം അറിയുവാനായി കെമിക്കൽ എക്സാമിനർക്കു നിർബന്ധിക്കാവുന്നതും ആകുന്നു.

(4) വിദഗ്ദ്ധാഭിപ്രായത്തിനായി അയയ്ക്കേണ്ട പദാർത്ഥങ്ങൾ ആദ്യമായി കെമിക്കൽ എക്സാമിനർക്കു വേണം അയയ്ക്കുവാൻ. പദാർത്ഥങ്ങൾ കെമിക്കൽ എക്സാമിനർക്കു അയയ്ക്കുന്നതിനോടൊപ്പം കേസിന്റെ വിവരണം,

മരണാനന്തര പരിശോധനയുടെ സർട്ടിഫിക്കററ്, മുറിവേററതിൻെറ സർട്ടിഫിക്കററ് എന്നിവയുടെ പകർപ്പുകളുംകൂടി അയയ്ക്കേണ്ടതാണ്. പരിശോധനയ്ക്കു അയയ്ക്കുന്ന പദാർത്ഥങ്ങൾ ഓരോന്നും പ്രത്യേകമായി പൊതിയേണ്ടതും, പൊതിയുടെ മുകളിൽ മുദ്ര വയ്ക്കേണ്ടതുമാണ്. ഒരിക്കലും പദാർത്ഥങ്ങളുടെ മുകളിൽ മുദ്ര വയ്ക്കുവാൻ പാടില്ല.

(ഡി) വ്യാജ ഇടപാടുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന കറുപ്പിൻെറ സാമ്പിൾ എക്സൈസ് വകുപ്പിൽനിന്നും ആദ്യമായി കെമിക്കൽ എക്സാമിനർക്കു വേണം അയച്ചുകൊടുക്കേണ്ടത്. ഐക്യരാഷ്ട്ര ഗവേഷണ ശാലയുടെ മയക്കുമരുന്നുകളിലുള്ള ശാസ്ത്രീയഗവേഷണ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി സാമ്പിളുകൾ ന്യൂഡൽഹിയിലുള്ള സെൻട്രൽ റവന്യൂസ് കൺട്രോൾ ലാബറട്ടറിയിലെ ചീഫ് കെമിസ്ററു മുഖാന്തിരം അയയ്ക്കേണ്ടതും ആയതിലേക്കു ടിയാൻെറ പേർക്കു സാമ്പിളിനോടൊപ്പം അതിൽ കെമിക്കൽ എക്സാമിനർ നടത്തിയ പരിശോധനകളുടെ പൂർണ്ണവിവരംകൂടി ഉൾപ്പെടുത്തേണ്ടതുമാണ്.

(ഇ) നിലവിലുള്ള അബ്കാരി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം എക്സൈസ് ഓഫീസർമാർ പിടിച്ചെടുക്കുന്ന പദാർത്ഥങ്ങൾ കുററം ചെയ്യപ്പെട്ട പ്രദേശത്ത് അധികാരിതയുള്ള മജിസ്ട്രേട്ടുമാർ മുഖാന്തിരം അയയ്ക്കേണ്ടതാണ്. (ജി. ഒ. ആർടി. നമ്പർ 901/70/ഹോം തീയതി 22-5-1970).

(എഫ്) അസ്തികളുടെയും കോശങ്ങളുടെയും പരിശോധനയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പതോളജി അനോട്ടമി പ്രൊഫസറുമായി ആലോചിക്കേണ്ടതാണ്. ഫോറൻസിക് മെഡിസിൻ പ്രൊഫസർ വഴി പദാർത്ഥങ്ങൾ അയയ്ക്കേണ്ടതും അദ്ദേഹം വിദഗ്ദ്ധരിൽ നിന്നും ആധികാരികമായ അഭിപ്രായം നേടുകയും ആയതിനെ കെമിക്കൽ എക്സാമിനർക്ക് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

18. വെള്ളത്തിൻെറ സാമ്പിളുകൾ മജിസ്ട്രേട്ടുമാർക്കും പോലീസ് ഓഫീസർമാർക്കും കെമിക്കോ ലീഗൽ പരിശോധനയ്ക്കായി അയയ്ക്കാവുന്നതാണ്. അത്തരം കേസുകൾ പബ്ലിക് അനലിസ്ററോ വാട്ടർ അനലിസ്ററോ കൈകാര്യം ചെയ്യുവാൻ പാടില്ലാത്തതാകുന്നു. എന്തെന്നാൽ അവരിൽ ആരും തന്നെ ക്രിമിനൽ നടപടിക്രമം 510-ാം വകുപ്പനുസരിച്ച് കെമിക്കൽ എക്സാമിനർ ആകുന്നില്ല.

## വിഭാഗം III

## മെഡിക്കൽ ഓഫീസർമാർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ചട്ടങ്ങൾ

19. സന്ദർഭം ഉണ്ടാവുമ്പോൾ കെമിക്കൽ എക്സാമിനർക്ക് ആന്തരാവയവങ്ങളും മററു സാധനങ്ങളും അയയ്ക്കുവാൻവേണ്ടി മെതിലേററഡ് അല്ലാത്ത സ്പിരിററിൻേറയും പാകത്തിനുള്ള കുപ്പികളുടെയും ഒരു ശേഖരം ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ചുമതല വഹിക്കുന്ന മെഡിക്കൽ ഓഫീസർമാർ സൂക്ഷിക്കേണ്ടതാകുന്നു. വിഷബാധ സംശയിക്കുന്നം കേസുകളിൽ വേഗത്തിൽ വിഘടിതമാകാൻ സാധ്യതയുള്ള ആന്തരാവയവങ്ങളും സംശയിക്കപ്പെടുന്ന മററു പദാർത്ഥങ്ങളും കഴിയുന്നതും വേഗം സ്പിരിററിൽ

സൂക്ഷിക്കേണ്ടതു വളരെ അത്യാവശ്യമാണ്. പരിശോധന ആവശ്യമായി വരാവുന്ന പദാർത്ഥങ്ങളുടെ അനന്യതയെപ്പററി കോടതി സംശയം ഉന്നയിക്കാതിരിക്കുന്നതിനും, അബദ്ധവശാൽ ചീത്തയായിപ്പോകുന്നതിനെ തടയാനും അനുയോജ്യമല്ലാത്ത കലർപ്പു തടയാനും വേണ്ടി സവിശേഷമായ ശ്രദ്ധ ചെലുത്തേണ്ടതാകുന്നു.

20. മജിസ്ട്രേട്ടുമാരും പോലീസ് ഓഫീസർമാരും ആവശ്യപ്പെടുന്ന അവസരങ്ങളിലെല്ലാം മരണാനന്തരപരിശോധനകൾ, പരിത:സ്ഥിതികൾ അനുവദിക്കുന്നതനുസരിച്ച് വിശദമായി നടത്തേണ്ടതാണ്. ശരീരം അധികമായി ചീഞ്ഞഴുകിയാലും മാരകമായ ലോഹസംബന്ധിയായ വിഷം കണ്ടുപിടിക്കുന്നതിനു തടസ്സമാവുന്നില്ല. അതുകൊണ്ട് ആന്തരാവയവങ്ങൾ മുറിച്ചുമാററുവാൻ പററാത്ത അവസ്ഥയാണെങ്കിലും മൃതദേഹത്തിൽ നിന്നും അവയുടെ അവശിഷ്ടങ്ങൾ എടുത്ത് പരിശോധനക്കു അയയ്ക്കേണ്ടതാകുന്നു.

21. മരണാനന്തരപരിശോധന നടത്തുമ്പോൾ, വിഷബാധ സംശയമുള്ള അവസരങ്ങളിൽ, ആമാശയത്തിൻെറ രണ്ടററവും കെട്ടേണ്ടതും (ചെറുകുടലിലെ ഉള്ളടക്കം നഷ്ടപ്പെടാതിരിക്കുവാനായി പൈലോറിക് ഭാഗത്ത് ഒരു ഇരട്ടക്കെട്ട് കെട്ടേണ്ടതാകുന്നു.) അവയുടെ ഉള്ളടക്കം നഷ്ടപ്പെടാത്തവിധത്തിൽ മുറിച്ചു മാറേറണ്ടതുമാകുന്നു. അനന്തരം അതു തുറന്ന് ഉള്ളടക്കം വളരെ വൃത്തിയുള്ള ഒരു കുപ്പിയിലേക്കു മാറേറണ്ടതും, ആമായശത്തിൻെറ ശ്ലേഷ്മതലം സശ്രദ്ധം പരിശോധിക്കേണ്ടതും, ലക്ഷണം രേഖപ്പെടുത്തേണ്ടതും, സംശയാസ്പദമായ വിധത്തിൽ പററിപ്പിടിച്ചിരിക്കുന്ന കണികകൾ കാണപ്പെട്ടാൽ അവയെ ചവണകൊണ്ടു എടുത്തുമാററി പരിശോധനയക്കു അയയ്ക്കുവാൻ വേണ്ടി പ്രത്യേകമായി ചെറിയ കുപ്പിയിൽ സൂക്ഷിക്കേണ്ടതുമാകുന്നു. കൂടാതെ, വായ്, അന്നനാളത്തിൻെറ മുകൾഭാഗം, അന്നനാളം എന്നിവിടങ്ങളിലെ ശ്ലേഷ്മസ്തരം എന്നിവ പരിശോധിക്കേണ്ടതും ആ ഭാഗങ്ങളിൽ അസാധാരണമായി അടയാളങ്ങൾ, കരുവാളിപ്പ് എന്നിവ കാണപ്പെട്ടാൽ അവ സശ്രദ്ധം രേഖപ്പെടുത്തേണ്ടതും ആകുന്നു.

22. മററു വിധത്തിൽ സൂചിപ്പിക്കപ്പെടാത്തപക്ഷം, വിഷബാധയാൽ മരണം സംശയിക്കപ്പെടുന്ന എല്ലാ കേസുകളിലും താഴെപ്പറയുന്ന സാധനങ്ങൾ അയയ്ക്കേണ്ടതാണ്. മററു ആന്തരാവയവങ്ങളും പേശികളും അയയ്ക്കേണ്ട ആവശ്യമില്ലാത്തതും, അങ്ങിനെ ചെയ്യുകയാണെങ്കിൽ അത്തരം നടപടിയുടെ പ്രത്യേക സാഹചര്യം എന്താണെന്നുള്ള മെഡിക്കൽ ആഫീസറുടെ അഭിപ്രായം കൂടി കെമിക്കൽ എക്സാമിനർക്ക് അയയ്ക്കുന്ന കത്തിൽ എഴുതേണ്ടതുമാണ്.

(എ) ആമാശയം

(ബി) ആമാശയത്തിൻെറ ഉള്ളടക്കം, സൗകര്യമുണ്ടെങ്കിൽ ആമാശയം സൂക്ഷിക്കുന്ന കുപ്പിയിൽതന്നെ ഇതും ഇടേണ്ടതാണ്.

(സി) ആമാശയത്തിലെ ശ്ലേഷ്മസ്തരത്തിൽനിന്നും സംശയാസ്പദമായ പദാർത്ഥങ്ങൾ കിട്ടിയിട്ടുണ്ടെങ്കിൽ അവ.

(ഡി) കരളിൻെറ കഷണം 16 ഔൺസിൽ കുറയാതെ—കരളിൻെറ മൊത്തം ഭാരം 16 ഔൺസിൽ കുറവാണെങ്കിൽ മുഴുവൻ കരൾ, ഒരു വൃക്ക.

(ഇ) ഛർദ്ദിക്കപ്പെട്ട പദാർത്ഥം ഉണ്ടെങ്കിൽ അത്. പ്രായോഗികമാണെങ്കിൽ ഛർദ്ദിക്കപ്പെട്ടതിൻെറ ആദ്യത്തേതും അവസാനത്തേതുമായ ഭാഗങ്ങൾ പ്രത്യേക കുപ്പികളിൽ അയയ്ക്കേണ്ടതാണ്. ഏതേതു സമയങ്ങളിൽ ഛർദ്ദിയുണ്ടായെന്നു ലേബലിൽ പ്രത്യേകം കാണിച്ചിരിക്കണം. മണ്ണിൽ കലരുന്ന ഛർദ്ദി കൈകാര്യം ചെയ്യേണ്ട രീതി ചട്ടം 24-ൽ കൊടുത്തിട്ടുണ്ട്.

(എഫ്) ഉപയോഗിച്ച സ്പിരിററിൻെറ ഒരു സാമ്പിൾ 4 ഔൺസ് മതിയാകുന്നതാണ്.

(ജി) ചെറുകുടലിന്റെ ഉള്ളടക്കം

(എച്ച്) ലക്ഷണങ്ങൾ തുടങ്ങിയതിനുശേഷം മൂത്രം ശേഖരിക്കുവാൻ കഴിഞ്ഞുവെങ്കിൽ അത്, അല്ലെങ്കിൽ മരണാനന്തരം മൂത്രസഞ്ചിയിൽ കാണപ്പെടുന്ന മൂത്രം.

(ഐ) കീടനാശിനികൾ, കുമിൾനാശിനികൾ എന്നിവമൂലം വിഷബാധ സംശയിക്കപ്പെടുമ്പോൾ രക്തവും, സെറിബ്രോസ്പൈനൽ ഫ്ളൂയിഡും (ജി.ഒ.ആർ.ടി. 1363/ഹോം തീയതി 12-8-1965)

23. (എ), (ഡി), (ജി), (എച്ച്) എന്നീ ഉപവകുപ്പിൽപ്പെടുന്ന കുപ്പികളിലും, മദ്യവിഷം സംശയിക്കപ്പെടാത്ത കേസുകളിൽ ചട്ടം 22 ഉപവകുപ്പ് (ബി), (ഇ) എന്നീ ഉപവകുപ്പിൽപ്പെടുന്ന കുപ്പികളിലും, ചട്ടം 30-ൽ വിവരിക്കുന്നതായ പരിശോധനാ സാധനങ്ങൾ അയയ്ക്കേണ്ട രീതി അനുസരിച്ച് മെതിലേറ്റഡ് അല്ലാത്ത സ്പിരിറ്റ് ചേർക്കേണ്ടതാണ്. 22-ാം ചട്ടം (സി) ഉപവകുപ്പിൻ പ്രകാരമുള്ള കുപ്പിയിലെ ഉള്ളടക്കത്തിൽ സ്പിരിറ്റ് ചേർക്കേണ്ടതില്ല. മാർഗ്ഗമദ്ധ്യേ ആന്തരാവയവങ്ങളും സ്പിരിറ്റുമായി നല്ലതുപോലെ ഇളകി ചേരുന്നതിനുവേണ്ടി അവ നിറച്ചിട്ടുള്ള കുപ്പികൾ മുക്കാൽ ഭാഗം മാത്രമേ നിറഞ്ഞിട്ടുള്ളൂവെന്ന കാര്യം പ്രത്യേകം ശ്രദ്ധിച്ചു ഉറപ്പുവരുത്തേണ്ടതാണ്. ഈ ആവശ്യത്തിലേയ്ക്കുള്ള സ്പിരിറ്റ് ഒരിക്കലും അങ്ങാടിയിൽ നിന്നും വാങ്ങുവാൻ പാടില്ല. ഫോർമലിനുമായി ചേർന്നാൽ ആന്തരാവയവങ്ങൾ കട്ടിപിടിക്കുകയും, അവയിൽനിന്നും വിഷവസ്തുക്കൾ വേർതിരിച്ചെടുക്കൽ പ്രയാസമായിത്തീരുകയും ചെയ്യുന്നു. സ്ട്രിച്നിൻ പോലുള്ള ഉറപ്പുള്ള ക്ഷാരകല്പത്തേപ്പോലും ഫോർമലിൻ നശിപ്പിക്കുന്നു. പതോളജി പരിശോധന ആവശ്യമില്ലാത്ത കേസുകളിൽ ഫോർമലിൻ ഉപയോഗിക്കുവാൻ പാടില്ല.

<u>കുറിപ്പ്</u>.—സ്പിരിറ്റു ലഭ്യമല്ലാത്ത അവസരങ്ങളിൽ സോഡിയം ക്ലോറൈഡിന്റെ അതിപൂരിതലായിനിയിൽ ആന്തരാവയവങ്ങൾ സൂക്ഷിക്കാവുന്നതാണ്. പ്രസ്തുത സന്ദർഭത്തിൽ ചട്ടം 22 (എഫ്) പ്രകാരം ലായനിയുടെ ഒരു സാമ്പിൾ അയയ്ക്കേണ്ടതാണ്.

[ജി.ഒ. (പി) 201/71 ഹോം തീയതി 29-12-1971]

24. ഛർദ്ദി, ശോധന ഇവയിലൂടെ പുറത്തുവരുന്ന സാധനങ്ങൾ മിക്കപ്പോഴും മണ്ണു മുതലായവയുമായി കലർന്ന വിധത്തിൽ മെഡിക്കൽ ആഫീസർമാർക്കു കിട്ടുന്നു. ഇപ്രകാരമുള്ള വിസർജ്ജ്യ വസ്തുക്കൾ ഉണങ്ങിയതും കൈകാര്യം ചെയ്യുവാൻ സാധിക്കുന്ന വിധത്തിൽ വേണ്ടത്ര മണ്ണുമായി കുഴഞ്ഞിരിക്കുകയും ആണെങ്കിൽ സ്പിരിറ്റു ഒഴിക്കാതെ സൗകര്യപ്രദമായ വിധത്തിൽ അവ പൊതിയാവുന്നതാണ്. അല്ലെങ്കിൽ അവയെ സ്പിരിറ്റു ചേർത്ത് പൊതിയണം. ഛർദ്ദിയും വിരേചന വസ്തുക്കളും സാധാരണപോലെ നിലത്തു വീണുപോയാൽ ആവശ്യത്തിൽ കൂടുതൽ മണ്ണില്ലാതെ അവയെ ശ്രദ്ധിച്ചു ചുരണ്ടിയെടുത്ത് പ്രത്യേകം പൊതിയേണ്ടതാണ്. മണ്ണു വളരെ ഇളകിയതല്ലെങ്കിൽ, ലോഹധാതുക്കൾമൂലമുള്ള വിഷബാധയിൽപോലും അര ഇഞ്ചിൽ കൂടുതൽ ആഴത്തിൽ മണ്ണുമാറ്റേണ്ട ആവശ്യമില്ല. ലോഹധാതുക്കൾ മൂലമുള്ള വിഷബാധ സംശയിക്കപ്പെടാത്ത അവസരങ്ങളിൽ വിരേചനവസ്തുക്കൾ വളരെ അപൂർവ്വമായി മാത്രം അയച്ചാൽ മതിയാവുന്നതാണ്.

25. വിഷപ്രയോഗത്തിനുള്ള മാദ്ധ്യമമായി ആഹാരം ഔഷധം തുടങ്ങിയവ ഉപയോഗപ്പെടുത്തിയതായി സംശയിക്കപ്പെടുകയും അവ പരിശോധിക്കപ്പെടേണ്ടതായും വരുമ്പോൾ, അവ ചീത്തയായി പോകാതിരിക്കുവാനായി

ആന്തരാവയവങ്ങളിലെന്ന പോലെ സ്പിരിററിൽ പ്രത്യേകം പ്രത്യേകമായി കെട്ടേണ്ടതാണ്. വാഴപ്പഴം പോലുള്ള പഴങ്ങളിൽ വിഷം അടങ്ങിയതായി സംശയിക്കപ്പെടുമ്പോരം അവയെ സശ്രദ്ധം പരിശോധിക്കേണ്ടതും അന്യപദാർത്ഥങ്ങരം എന്തെങ്കിലും അവയ്ക്കുള്ളിൽ കാണപ്പെട്ടാൽ അവ പ്രത്യേകമായി എടുത്ത് പരിശോധനക്ക് അയയ്ക്കേണ്ടതുമാണ്. സംശയകരമായ വസ്തുക്കരം ഒന്നും കാണപ്പെട്ടില്ലെങ്കിൽ, ആ പഴം അപ്രകാരംതന്നെ അയയ്ക്കേണ്ടതാണ്.

26. വിഷബാധ സംശയിക്കപ്പെടുന്ന കേസിൽ മെഡിക്കൽ ആഫീസർ മരണാനന്തര പരിശോധന നടത്തുകയും വേഗത്തിൽ ചീത്തയാവുന്ന സാധനങ്ങളെല്ലാം സ്പിരിററിൽ സൂക്ഷിക്കുകയും ചെയ്തശേഷം അദ്ദേഹം നടത്തിയ പരിശോധനയുടെ ഫലം പോലീസിനെ അറിയിക്കേണ്ടതും പോലീസിൻേറയോ മജിസ്ട്രേട്ടിൻേറയോ കത്ത് കിട്ടിയശേഷം, മരിച്ച ആളിൻെറ ആന്തരാവയവങ്ങളും രാസപരിശോധന ആവശ്യമായ മററു വസ്തുക്കളും രാസപരിശോധനക്കായി കെമിക്കൽ എക്സാമിനർക്ക് അയയ്ക്കേണ്ടതുമാകുന്നു. വിഷപ്രയോഗം നടന്നതായി സംശയിക്കപ്പെടുകയും മരണം സംഭവിക്കാതിരിക്കുകയും ചെയ്യുന്ന അവസരങ്ങളിൽ രാസപരിശോധന ആവശ്യമായതും വേഗത്തിൽ വിഘടിക്കാവുന്നതുമായ പദാർത്ഥങ്ങരം സ്പിരിററിൽ സൂക്ഷിച്ചശേഷം, മെഡിക്കൽ ആഫീസർ മുമ്പ് പറഞ്ഞതുപോലെ പോലീസിനെ കേസു അറിയിക്കുകയും, ബന്ധപ്പെട്ട പോലീസിൻേറയോ മജിസ്ട്രേട്ടിൻേറയോ കത്തു കിട്ടിയശേഷം ഛർദ്ദി, വയററു കഴുകി നീക്കം ചെയ്ത വസ്തുക്കരം അല്ലെങ്കിൽ പരിശോധന ആവശ്യമായ വസ്തുക്കരം എന്നിവ കെമിക്കൽ എക്സാമിനർക്ക് അയയ്ക്കേണ്ടതുമാകുന്നു.

വളരെ വേഗത്തിൽ വിഘടിച്ചുപോവുന്ന പദാർത്ഥങ്ങളെ മജിസ്ട്രേട്ടിൽ നിന്നോ പോലീസ് ഓഫീസറിൽ നിന്നോ അഭ്യർത്ഥന പ്രതീക്ഷിച്ചുകൊണ്ട്, മെഡിക്കൽ ആഫീസർമാർക്ക് കെമിക്കൽ എക്സാമിനറുടെ പേർക്കു അയയ്ക്കാവുന്നതാകുന്നു. അത്തരം അവസരങ്ങളിൽ പദാർത്ഥം അയച്ചു വിവരം ഉടൻതന്നെ മെഡിക്കൽ ഓഫീസർ മജിസ്ട്രേട്ടിനേയോ പോലീസ് ഓഫീസറേയോ അറിയിക്കേണ്ടതും, പ്രസ്തുത ഓഫീസർ അതിൻപ്രകാരം 11, 12 എന്നീ ചട്ടങ്ങളിൽ വിവരിക്കുന്ന വിവരങ്ങളും അഭ്യർത്ഥനയും അടുത്ത തപാലിൽ തന്നെ അയയ്ക്കേണ്ടതും ആകുന്നു.

27. മജിസ്ട്രേട്ടിൽനിന്നോ പോലീസ് ഓഫീസറിൽനിന്നോ ഒരു അഭ്യർത്ഥന കിട്ടുമ്പോരം മെഡിക്കൽ ഓഫീസർ പദാർത്ഥങ്ങരം രാസപരിശോധനയ്ക്കായി കെമിക്കൽ എക്സാമിനർക്ക് അയച്ചുകൊടുക്കേണ്ടതും, അതോടൊപ്പം പദാർത്ഥങ്ങരം അയയ്ക്കുന്ന വിവരത്തിന് അദ്ദേഹം കെമിക്കൽ എക്സാമിനർക്ക് എഴുതേണ്ടതും ആകുന്നു. ഈ കത്തിൽ താഴെ പറയുന്ന വിവരങ്ങരം ഉണ്ടായിരിക്കണം.

(എ) കുപ്പികരം അടച്ചു മുദ്രവയ്ക്കുവാൻ ഉപയോഗിച്ച സീലിൻെറ ഒരു മുദ്രിത രൂപവും അതിൻെറ വിവരണവും

(ബി) അയയ്ക്കുന്ന സാധനങ്ങളുടെ ഒരു ലിസ്ററും അവ അയയ്ക്കുന്ന രീതിയെപ്പററി ഒരു വിവരണവും

(സി) പദാർത്ഥങ്ങരം അയയ്ക്കുവാൻ അഭ്യർത്ഥന എഴുതിയ ഓഫീസറുടെ പേരും, അഭ്യർത്ഥനയുടെ നമ്പരും തീയതിയും

(ഡി) നിരീക്ഷണത്തിൽ വ്യക്തമായ മരണാനന്തര ലക്ഷണങ്ങളുടെ വിശദവിവരം

(ഇ) മെഡിക്കൽ ഓഫീസറാലോ, മററുള്ളവരാലോ നിരീക്ഷിക്കപ്പെട്ട ലക്ഷണങ്ങളും, ഏതെങ്കിലും ചികിൽസ നടന്നിട്ടുണ്ടെങ്കിൽ അതിന്റെ വിവരവും.

28. എല്ലാ കുപ്പികളും പാക്കററുകളും മെഡിക്കൽ ഓഫീസർ സശ്രദ്ധം മുദ്രവയ്ക്കേണ്ടതാകുന്നു. മുദ്രയ്ക്ക് കേടുവരുത്താതെ തുറക്കുവാൻ പററാത്ത വിധത്തിലായിരിക്കണം അവ അടച്ചിരിക്കേണ്ടത്. എല്ലാ അവസരത്തിലും ഒരേ മുദ്ര മാത്രം ഉപയോഗിക്കേണ്ടതും, അത് സുരക്ഷിതമായി സൂക്ഷിക്കപ്പെടുന്ന ആഫീസുമുദ്രയോ, ആഫീസറുടെ സ്വന്തം മുദ്രയോ ആയിരിക്കേണ്ടതും ആകുന്നു. താക്കോൽ, കട്ടികൾ മുതലായവയുടെ മുദ്രിതരൂപങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ഓരോ കുപ്പിയും പാക്കററും ലേബൽ ചെയ്യേണ്ടതും കേസിനെപ്പററി കെമിക്കൽ എക്സാമിനർക്ക് അയയ്ക്കുന്ന നിർദ്ദേശ കപത്രത്തിന്റെ നമ്പർ, തീയതി എന്നിവയും ഉള്ളടക്കത്തിന്റെ വിവരവും ലേബലിൽ എഴുതേണ്ടതും, അതിൽ മെഡിക്കൽ ഓഫീസർ ഒപ്പു വയ്ക്കേണ്ടതും ആകുന്നു.

29. (എ) കേസിനെപ്പററി എന്തെങ്കിലും വിവരങ്ങൾ ലഭിക്കുവാനായി എല്ലാ അവസരങ്ങളിലും ശ്രമിക്കേണ്ടതാണ്. വിഷവസ്തുക്കൾ അനവധിയും പരിശോധനയ്ക്കായി കിട്ടുന്ന പദാർത്ഥങ്ങൾ പരിമിതവും ആകുന്നു. തൻമൂലം ലക്ഷണങ്ങളെപ്പററി ഒരു ധാരണയും ബന്ധപ്പെട്ട ചരിത്രവും പരിശോധകന് പരമപ്രധാനമാണ്.

(ബി) ഏതെങ്കിലും ചികിൽസ നടത്തിയിട്ടുണ്ടെങ്കിൽ ആ വിവരം എഴുതേണ്ടതാണ്. ഉദാഹരണമായി ആമാശയത്തെ പൊട്ടാസ്യം പെർമാൻഗനേററ് കൊണ്ട് കഴുകിയാൽ അത് കറുപ്പിനുള്ള പരിശോധനയെ പരാജയപ്പെടുത്തുകയും കറുപ്പുമൂലമുള്ള വിഷബാധയിൽ വിപരീതമായ റിപ്പോർട്ടിന് കാരണമാക്കുകയും ചെയ്യുന്നു. വയർ കഴുകിയ വെള്ളത്തേക്കാൾ ഛർദ്ദിക്കപ്പെട്ട വസ്തുവിന് കൂടുതൽ പ്രാധാന്യമുണ്ട്.

(സി) മരണത്തിനു മുമ്പും അതിനുശേഷവുമുള്ള മൂത്രം സൂക്ഷിക്കേണ്ടതാണ്. ആന്തരാവയവങ്ങൾ അധിശോഷണം ചെയ്യപ്പെടുമ്പോൾ നഷ്ടമാവുന്ന പല ക്ഷാരകല്പങ്ങളും മൂത്രത്തിൽനിന്നും വേർതിരിച്ചെടുക്കാവുന്നതാണ്. വെറോണൽ വിഷബാധയിൽ ഏതാണ്ട് 75 ശതമാനം മരുന്നും മൂത്രത്തിലൂടെ പുറത്തുവരുന്നു. ഇതിൽ അധികഭാഗവും മരണത്തിനുമുമ്പായി സംഭവിക്കുന്നു.

(ഡി) സംരക്ഷകവസ്തുവിന്റെ നാലു ഔൺസ് സാമ്പിൾ എടുക്കുമ്പോൾ, ആന്തരാവയവങ്ങൾ സൂക്ഷിക്കേണ്ട കുപ്പികളുടെ അകവശം ആദ്യമായി സംരക്ഷകവസ്തു ഉപയോഗിച്ചു കഴുകുന്നതും അനന്തരം കുപ്പികളിൽ ആന്തരാവയവങ്ങൾ ഇട്ടു സംരക്ഷകവസ്തുവും ചേർത്ത് അടച്ചു സീൽ ചെയ്യുന്നതും അഭികാമ്യമായിരിക്കും.

(ഇ) ആഹാര മലിനീകരണം (സൂക്ഷ്മാണു വിഷം) മൂലം തീവ്രമായ വിഷബാധയുടെ ലക്ഷണങ്ങൾ ഉണ്ടാകാവുന്നതാണ്. ഇതു സംശയിക്കപ്പെട്ടാൽ ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസറെ വിവരം അറിയിക്കേണ്ടതാണ്.

(എഫ്) തിരിച്ചറിയുന്നതിലേക്കായി പലപ്പോഴും ചെടിയുടെ ഭാഗങ്ങൾ അയയ്ക്കപ്പെടുന്നു. ഇലകളോ പുഷ്പമോ കിട്ടിയില്ലെങ്കിൽ ഇനം തിരിച്ചറിയൽ മിക്കവാറും അസാദ്ധ്യമാവുന്നതാണ്.

(ജി) ആർസനിക് വിഷബാധയുടെ സംഗതികളിൽ എടുത്ത പാത്രങ്ങളും കേസിലേക്ക് കൊണ്ടുപോകാവുന്ന കൈയുറകളും മലിനപ്പെടാവുന്ന സാദ്ധ്യത ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധ വയ്ക്കേണ്ടതാണ്.

(എച്ച്) ചോർച്ച തടയുവാനായി സ്ഫടികപാത്രങ്ങളുടെ അടപ്പുകഠ ഉറപ്പിക്കുന്നതിന് ഉരുകിയ മെഴുക് ഉപയോഗിക്കാവുന്നതാണ്. സീലിംഗ് വാക്സും പ്ലാസ്ററർ ഓഫ് പാരീസും ഒഴിവാക്കേണ്ടതാകുന്നു.

(ഐ) കേസിൽ ഉഠപ്പെട്ട പാഴ്സലുകളുടെ എണ്ണം കൂടുതലാകാവുന്നതിനാൽ തൊണ്ടിസാധനങ്ങഠ അടങ്ങിയ പെട്ടിയുടെ മുകളിൽ പരാമർശത്തിൻെറ നമ്പർ സശ്രദ്ധം രേഖപ്പെടുത്തേണ്ടതാണ്.

(ജെ) ഭക്ഷ്യവിഷബാധ, കോളറ എന്നിങ്ങനെയുള്ള കേസുകളിൽ സൂക്ഷ്മാണു പരിശോധന വേണ്ടിവരുന്നതാണ്. മററു ചില കേസുകളിൽ ഹിസ്ററോളജി പരിശോധനകളും വേണ്ടിവരുന്നു.

30. തപാൽ, തീവണ്ടി അഥവാ കപ്പൽ വഴിയായും അല്ലെങ്കിൽ ഒരു കാൺസ്ററബിളിൻെറ ചുമതലയിലും സംശയിക്കപ്പെടുന്ന പദാർത്ഥങ്ങഠ അയയ്ക്കാവുന്നതാണ്. സ്വാധീനമുള്ള ആളുകഠ പിന്നിലുള്ള എല്ലാ കേസുകളിലും, കാൺസ്ററബിളിൻെറ ചുമതലയിൽ മാത്രം പദാർത്ഥങ്ങഠ അയയ്ക്കേണ്ടതാണ്. ആന്തരാവയവങ്ങഠ തപാൽ തീവണ്ടി കപ്പൽ അല്ലെങ്കിൽ കാൺസ്ററബിഠ വഴി കെമിക്കൽ എക്സാമിനർക്ക് അയയ്ക്കുന്ന ഓഫീസർമാർ, താഴെപ്പറയുന്ന നിർദ്ദേശങ്ങഠ സശ്രദ്ധം പാലിക്കുന്ന കാര്യത്തിൽ വ്യക്തിപരമായി ഉത്തരവാദപ്പെട്ടിരിക്കുന്നു :—

തപാൽ വഴി അയയ്ക്കുമ്പോഠ :—ആന്തരാവയവങ്ങഠ മുതലായവ തപാലിൽ അയയ്ക്കുമ്പോഠ താഴെപ്പറയുന്ന നടപടിക്രമം സ്വീകരിക്കേണ്ടതാണ്.

(1) പരിശോധനക്കയയ്ക്കുന്ന ആന്തരാവയവങ്ങളും മററു പദാർത്ഥങ്ങളും സ്ഫടിക കുപ്പിയിലോ ഭരണിയിലോ ആക്കി അടപ്പുകൊണ്ടോ കോർക്കുകൊണ്ടോ ഭദ്രമായി അടയ്ക്കേണ്ടതാണ്.

(2) അയയ്ക്കപ്പെടുന്ന പദാർത്ഥങ്ങഠ ചീത്തയായിപ്പോകുന്നവയാണെങ്കിൽ താഴെപ്പറയുന്ന ഏതെങ്കിലും രീതിയിൽ അവയെ സംരക്ഷിക്കേണ്ടതാകുന്നു:—

(i) മദ്യവിഷബാധയല്ലാതുള്ള മററു വിഷബാധകഠ മനുഷ്യരിൽ സംശയിക്കപ്പെടുന്ന അവസരത്തിൽ സർക്കാർ മെഡിക്കൽ സ്റേറാറിൽനിന്നും കിട്ടുന്ന വീര്യമുള്ള മെതിലേട്ടഡ് അല്ലാത്ത സ്പിരിററിൽ സാധനങ്ങഠ മുക്കിവയ്ക്കേണ്ടതാകുന്നു. സാധനങ്ങഠ ഉഠക്കൊള്ളുന്ന പാത്രം ഏതു രീതിയിൽ മറിഞ്ഞാലും, പദാർത്ഥങ്ങഠ പൂർണ്ണമായും സ്പിരിററിൽ മുങ്ങിയിരിക്കത്തക്ക അളവിൽ സ്പിരിററു ചേർക്കേണ്ടതാണ്. സാധാരണ അങ്ങാടിയിൽ കിട്ടുന്ന സ്പിരിററു ഉപയോഗിക്കാതിരിക്കുവാനും പാത്രത്തിൻെറ കഴുത്തററം വരെ ദ്രാവകം നിറയാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കണം. ഓരോ പാത്രത്തിലും ഒഴിക്കുന്ന സ്പിരിററു എത്രയെന്നു അളന്നുനോക്കേണ്ടതും അത് പാത്രത്തിലെ ലേബലിൽ എഴുതേണ്ടതുമാണ്.

(ii) മദ്യവിഷബാധ സംശയിക്കപ്പെടുന്ന കേസുകളിൽ ആമാശയവും, ശുദ്ധജലത്തിൽ അതു കഴുകിയതും കൂടി ശുദ്ധമായ കറിയുപ്പ് ആവശ്യാനുസരണം ചേർത്തു ഒരു കുപ്പിയിൽ ഇടേണ്ടതാകുന്നു. ലായനി പൂരിതമാക്കുവാനും, കുറച്ചു ലയിക്കാതെ അവശേഷിക്കുകയും ചെയ്യത്തക്ക അളവിൽ ഉപ്പു ചേർക്കേണ്ടതാകുന്നു. ശുദ്ധജലത്തിൽ കഴുകിയെടുത്തശേഷം ആമാശയം ഖണ്ഡം (i)—ൽ പറയുന്ന പ്രകാരം ചാരായത്തിൽ സൂക്ഷിക്കാവുന്നതാണ്. ഉപയോഗിച്ച വെള്ളത്തിൻേറയും കറിയുപ്പിൻേറയും ഓരോ സാമ്പിഠ കൂടി തീർച്ചയായും പരിശോധനയ്ക്കു അയക്കണം.

(3) അടപ്പുകളും കോർക്കുകളും ഭദ്രമാണെന്ന മുൻകരുതൽ ആവശ്യമാകുന്നു. പ്രത്യേകിച്ച് സംരക്ഷകവസ്തുവായി ചാരായം ഉപയോഗിക്കുമ്പോഠ അത്തരം അവസരങ്ങളിൽ അടപ്പിനെ പൊതിയത്തക്കവിധത്തിൽ

തേനീച്ച മെഴുകോ പാരഫിൻ മെഴുകോ പ്രയോഗിക്കേണ്ടതാണ്. തുകലോ റബ്ബർഷീറ്റോ കൊണ്ട് അടപ്പിനെ ശ്രദ്ധാപൂർവ്വം വരിഞ്ഞുകെട്ടേണ്ടതും സീൽചെയ്യേണ്ടതും ആകുന്നു. സുരക്ഷിതമാംവിധം അടച്ചുകഴിഞ്ഞുവെന്നു ബോദ്ധ്യംവരുവാനായി കുപ്പി അല്ലെങ്കിൽ ഭരണി തലകീഴായി അഞ്ചു മിനിട്ടു സമയം സൂക്ഷിക്കേണ്ടതാണ്.

(4) അനന്തരം കുപ്പികൾ അല്ലെങ്കിൽ ഭരണികൾ ബലമുള്ള തടിപ്പെട്ടിയിലോ, വളരെ ബലമുള്ള തകരപ്പെട്ടിയിലോ വയ്ക്കേണ്ടതാണ്. ഭരണികൾക്കും പെട്ടിക്കുമിടയിൽ മുക്കാൽ ഇഞ്ചു ഘനത്തിൽ പഞ്ഞിയോ മാർദ്ദവമുള്ള മററു സാധനങ്ങളോ വയ്ക്കത്തക്കവിധത്തിൽ പെട്ടികൾക്കു വലുപ്പം ഉണ്ടായിരിക്കണം.

(5) പരുക്കൻ തുണിയോ അതുപോലുള്ള മററു വസ്തുക്കളോ ഉപയോഗിച്ച് പെട്ടി സുരക്ഷിതമായി പൊതിയേണ്ടതും സീൽ ചെയ്യേണ്ടതും ആകുന്നു. തുന്നൽ ഭാഗത്തു മൂന്നു ഇഞ്ചിൽ കുറയാത്ത അകലങ്ങളിൽ സീൽ ചെയ്യേണ്ടതാണ്. സീൽ ചെയ്യുമ്പോൾ ഒരു തരത്തിലുള്ള മെഴുകുമാത്രം ഉപയോഗിക്കേണ്ടതും സീലിൻെറ മുദ്രിതരൂപം ശരിയായി പതിഞ്ഞിരിക്കേണ്ടതും ആകുന്നു. പാഴ്സൽ അയയ്ക്കുന്ന ഓഫീസറുടെ ഔദ്യോഗിക സീൽ ആയിരിക്കണം സാധാരണഗതിയിൽ ഉപയോഗിക്കേണ്ടത്. പ്രചാരത്തിലുള്ള നാണയം, കട്ടികൾ, താക്കോൽ എന്നിവയുടെ മുദ്രിതരൂപവും, നീണ്ടതും വളഞ്ഞതുമായി വെറും അടയാളങ്ങളും മററും യാതൊരു കാരണവശാലും സീലിനുപകരം ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്.

(6) അത്തരം പാഴ്സലുകൾ ചാർജ് വഹിക്കുന്ന മെഡിക്കൽ ഓഫീസറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ തയ്യാറാക്കേണ്ടതാകുന്നു.

(7) സിവിൽ സർജൻ ഹാജരുള്ള എല്ലാ സ്ഥലങ്ങളിലും അദ്ദേഹം മാത്രം പാഴ്സലുകൾ തപാലാഫീസിൽ എത്തിക്കേണ്ടതും, താഴെയുള്ള ഓഫീസർമാരെ അക്കാര്യം ചുമതലപ്പെടുത്തുവാൻ പാടില്ലാത്തതും ആകുന്നു. എന്നാൽ സിവിൽ സർജൻ ഹാജരില്ലാത്ത ആശുപത്രികളിലും ഡിസ്പെൻസറികളിലും ചുമതലപ്പെട്ട കീഴുദ്യോഗസ്ഥൻ പാഴ്സലുകൾ തയ്യാറാക്കേണ്ടതും കെമിക്കൽ എക്സാമിനർക്ക് അയയ്ക്കേണ്ടതുമാണ്.

(8) ഉള്ളടക്കത്തെപ്പററിയുള്ള ഒരു പ്രഖ്യാപനം തപാൽ വകുപ്പു അധികാരികൾക്കു നൽകേണ്ട ആവശ്യമില്ലാത്തതിനാൽ അപ്രകാരമൊന്നു തയ്യാറാക്കേണ്ടതുമില്ല.

<u>റെയിൽവഴിയായും കപ്പൽവഴിയായും അയയ്ക്കുന്നത്</u>.—ആന്തരാവയവങ്ങൾ റെയിൽ വഴിയായും കപ്പൽ വഴിയായും അയയ്ക്കുമ്പോൾ പെട്ടി തുണിയിൽ പൊതിയേണ്ട ആവശ്യമില്ല. ഇതൊഴിച്ചാൽ തപാൽവഴി അയയ്ക്കുന്നതിലുള്ള ചട്ടങ്ങൾ, റയിൽ വഴിയായും കപ്പൽ വഴിയായും സാധനങ്ങൾ അയയ്ക്കുമ്പോൾ പാലിക്കേണ്ടതാകുന്നു.

<u>കാൺസ്ററബിൾ വഴി അയയ്ക്കുന്നത്</u>.—ആന്തരാവയവങ്ങൾ മുതലായവ ഒരു കാൺസ്ററബിൾ വഴി അയയ്ക്കുമ്പോൾ മാർഗ്ഗമദ്ധ്യേ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നത് ഒഴിവാക്കാൻ കുപ്പികളും മററും ബലമുള്ള പെട്ടികളിൽ സുരക്ഷിതമായി പായ്ക്കു ചെയ്യേണ്ട ആവശ്യമില്ല. എങ്കിലും മററു യാത്രക്കാർക്കു ശല്യം ഉണ്ടാകാതിരിക്കുവാൻ ആന്തരാവയവങ്ങളും മററും അടങ്ങിയ കുപ്പികൾ തുണിയിലോ, കടലാസിലോ പൊതിയേണ്ടതാണ്.

മററ് എല്ലാ കാര്യങ്ങളിലും, ആന്തരാവയവങ്ങളും മററും റെയിലിൽ അയയ്ക്കുമ്പോഴുള്ള ചട്ടങ്ങൾ പാലിക്കേണ്ടതാകുന്നു.

31. യോനീമുഖത്തുനിന്നും, യോനീനാളത്തിൽനിന്നും എടുക്കുന്ന സ്മീയർ അടങ്ങിയ സ്ളൈഡുകൾ, ഗുഹ്യരോമം, തുണികൾ തുടങ്ങി ശുക്ലത്തിന്റെ സാന്നിദ്ധ്യം അറിയുവാനുള്ള പദാർത്ഥങ്ങൾ അയയ്ക്കുമ്പോൾ അവ ശ്രദ്ധാപൂർവം ശരിയ്ക്കും ഉണക്കേണ്ടതും സ്ളൈഡുകൾ ഉടയാതിരിക്കുവാനും മററുവിധത്തിൽ മാർഗ്ഗമദ്ധ്യേ നാശമാകാതിരിക്കുവാനുമായി, പഞ്ഞികൊണ്ടു പൊതിയേണ്ടതുമാകുന്നു. ചട്ടം 16-ൽ പറയുന്ന നിബന്ധനകൾ അനുസരിച്ച് അവ പൊതിഞ്ഞുകെട്ടേണ്ടതും അഭ്യർത്ഥന അയയ്ക്കേണ്ടതും ആകുന്നു.

32. മൃഗങ്ങളിലെ വിഷബാധക്കേസുകൾ.—(1) വിഷബാധമൂലമല്ലാത്ത കാരണങ്ങളാൽ മരണം നടന്നുവെന്നു വ്യക്തമായി അറിയാവുന്ന കേസുകളിൽ ആന്തരാവയവങ്ങളും മററും പരിശോധനയ്ക്കായി അയയ്ക്കാതിരിക്കുവാൻ വേണ്ടതായ മുൻകരുതലുകൾ എടുക്കേണ്ടതാകുന്നു. സൂയിയുടെ സാന്നിദ്ധ്യത്തിന്റെ സൂചനകൾ എന്തെങ്കിലുമുണ്ടോയെന്നറിയുവാൻ സൂക്ഷ്മമായി അന്വേഷണം നടത്തേണ്ടതാകുന്നു. ഇത്തരം വിഷപ്രയോഗം സംശയിക്കപ്പെടുമ്പോഴും, സൂയിപോലുള്ള വസ്തുക്കൾ കാണപ്പെടുമ്പോഴും, അവ മുറിവേററ ശരീരഭാഗത്തോടൊപ്പം പരിശോധനക്കായി അയയ്ക്കേണ്ടതാകുന്നു. സൂയി വിഷബാധയുള്ളപ്പോൾ ആന്തരാവയവങ്ങളിൽ നടത്തുന്ന രാസപരിശോധന പ്രയോജനമില്ലാത്തതാണ്; എന്തുകൊണ്ടെന്നാൽ അത്തരം കേസുകളിൽ ആന്തരാവയവങ്ങളിൽനിന്ന് വിഷം കണ്ടുപിടിക്കുവാൻ സാദ്ധ്യമല്ല.

സൂയികൊണ്ടുള്ള വിഷപ്രയോഗം താഴെപറയുംപ്രകാരമാണ് :—

അബ്രസ് പ്രിക്കട്ടോറിയസിന്റെ കുരുക്കൾ (കുന്നിക്കുരു) പൊടിച്ച് വെള്ളവും ചേർത്തുകുഴമ്പുപാകത്തിലാക്കുന്നു. കൂർത്ത മുള്ളുകളിൽ ഇവ പുരട്ടി വെയിലത്തുണക്കി ഒരിഞ്ചോളം നീളമുള്ള 'സൂയി' അഥവാ "സുതാരി" ഉണ്ടാക്കുന്നു. ഈ സൂയിയെ മരത്തിന്റെ കൈപിടിയിൽ കെട്ടിവയ്ക്കുന്നു. ഇതുകൊണ്ടു മൃഗത്തിനെ അടിക്കുമ്പോൾ നീണ്ടുനിൽക്കുന്ന സൂയി മൃഗത്തിന്റെ ദേഹത്തു തുളച്ചുകയറുകയും, കൈപിടി തിരിച്ചെടുക്കുമ്പോൾ അവിടെത്തന്നെ ഇരിക്കുകയും ചെയ്യുന്നു. സാധാരണയായി 24 മുതൽ 30 മണിക്കൂറിനകം മൃഗം ചത്തുപോകുന്നു. മുറിവേററ ഭാഗത്തു നീർവീക്കവും, ആമാശയത്തിലോ കുടലിലോ ആണെങ്കിൽ ശ്ളേഷ്മസ്തരങ്ങളിൽ രക്തസ്രാവവും കാണപ്പെടും.

(2) അന്നനാളം മുഴുവനായും തുറക്കേണ്ടതും ഉള്ളടക്കത്തെ സംശയകരമായ സാധനങ്ങൾക്കുവേണ്ടി പരിശോധിക്കേണ്ടതും ആകുന്നു. അന്നനാളത്തിൽ സംശയകരമായ സാധനങ്ങൾ എന്തെങ്കിലും കണ്ടെത്തിയാൽ ഒരു പ്രത്യേക പാത്രത്തിൽ അത് സൂക്ഷിക്കേണ്ടതും, അതിന്റെ സംരക്ഷണം ആവശ്യമായി വരുന്നില്ലെങ്കിൽ സ്പിരിററു ചേർക്കുവാൻ പാടില്ലാത്തതും ആകുന്നു.

(3) ആമാശയത്തിന്റെ ഉള്ളടക്കം ഏകദേശം രണ്ട് പൗണ്ടും ചേർത്തു വൃത്തിയുള്ള ഒരു സ്പടിക ഭരണിയിലോ, നല്ല തിളക്കമുള്ള മൺഭരണിയിലോ ഇടേണ്ടതാണ്. പാത്രത്തിന്റെ ഉള്ളടക്കം ഉണങ്ങുമ്പോഴുള്ളതിന്റെ നാലിൽ ഒരു ഭാഗം അളവിൽ മെതിലേററഡ് അല്ലാത്ത സ്പിരിററ് ചേർക്കേണ്ടതാകുന്നു. പാത്രത്തിൽ കൂടുതൽ ദ്രാവകം ഉണ്ടെങ്കിൽ ഉള്ളടക്കത്തിന്റെ മൂന്നിൽ ഒരു ഭാഗം അളവിൽ സ്പിരിററു ചേർക്കണം. ഒരു പൗണ്ട് കരളും, അതേ തൂക്കം ആമാശയവും വൃത്തിയുള്ള സ്പടികഭരണിയിലോ നല്ല തിളക്കമുള്ള മൺഭരണിയിലോ പ്രത്യേകമായി ഇടേണ്ടതും, അവയുടെ വ്യാപ്തിയുടെ മൂന്നിൽ ഒരു ഭാഗം അളവിൽ സ്പിരിററ് ചേർക്കേണ്ടതുമാണ്. ഓരോ ഭരണിയിലും ഒഴിക്കുന്ന സ്പിരിററ് എത്രയാണെന്ന് അളന്നു നോക്കുകയും അതു

ഭരണിയിൽ ഒട്ടിക്കുന്ന ലേബലിൽ എഴുതുകയും വേണം. പദാർത്ഥങ്ങളുടെ സുരക്ഷിതത്വത്തിനുവേണ്ടി ചേർക്കുന്ന സ്പിരിററിന്റെ സാമ്പിളും കൂടി അയയ്ക്കേണ്ടതാണ്. ഇതു നാലു ഔൺസ് മതിയാവും.

(4) ഉണങ്ങിയ ചാണകം സ്പിരിററു ചേർക്കാതെ അയയ്ക്കാവുന്നതാണ്.

(5) കന്നുകാലിക്ക് കൊടുത്തതായി സംശയിക്കപ്പെടുന്ന വിഷങ്ങളിൽ വളരെ അപൂർവ്വമായേ സംരക്ഷകവസ്തുവായി സ്പിരിററ് ചേർക്കേണ്ടി വരികയുള്ളു. അത്യാവശ്യമില്ലെങ്കിൽ സ്പിരിററ് ചേർക്കേണ്ടതില്ല.

(6) മനുഷ്യവിഷബാധകേസുകളിൽ രാസപരിശോധന ആവശ്യമായ പദാർത്ഥങ്ങൾ പൊതിഞ്ഞുകെട്ടുകയും അയയ്ക്കുകയും ചെയ്യുന്നത് സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഈ കേസുകൾക്കും ബാധകമാണ്. പലതരം ഭരണികളും മററും സീലു ചെയ്യുമ്പോഴും ലേബൽ ഒട്ടിക്കുമ്പോഴും വളരെ ശ്രദ്ധിക്കേണ്ടതും, അതിൻപ്രകാരമുള്ള മുൻകരുതലുകൾ എടുക്കേണ്ടതുമാകുന്നു.

(7) മജിസ്ട്രേട്ടിന്റേയോ, പോലീസ് ഓഫീസറുടേയോ നിർദ്ദേശപ്രകാരം ഒരു മെഡിക്കൽ ഓഫീസർ സാധനങ്ങൾ പരിശോധനയ്ക്കായി കെമിക്കൽ എക്സാമിനർക്കു അയയ്ക്കുമ്പോൾ, അക്കാര്യം കാണിച്ചുകൊണ്ട് കെമിക്കൽ എക്സാമിനറെ സംബോധന ചെയ്തു പ്രത്യേകമായി ഒരു കത്തു കൂടി അയയ്ക്കേണ്ടതാകുന്നു.

ഈ കത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കണം :—

(എ) ഭരണികൾ അടയ്ക്കുവാൻ ഉപയോഗിച്ച സീലിന്റെ മുദ്രിത രൂപവും അതിന്റെ വിവരണവും ;

(ബി) അയയ്ക്കുന്ന പദാർത്ഥങ്ങളുടെ ഒരു ലിസ്ററും, അവ എങ്ങനെ അയയ്ക്കുന്നുവെന്ന വിവരവും ;

(സി) സാധനങ്ങൾ അയയ്ക്കുവാൻ ആവശ്യപ്പെട്ട ഓഫീസറുടെ പേരും, അങ്ങനെയുള്ള ആവശ്യപ്പെടലിന്റെ നമ്പരും തീയതിയും ;

(ഡി) വിഷബാധയേററ മൃഗങ്ങളുടെ ഇനവും എണ്ണവും, മരണത്തിന്റെ എണ്ണവും ;

(ഇ) ഏതുതരം വിഷമാണെന്ന് സൂചന നൽകിയേക്കാവുന്ന മരണാനന്തര സ്ഥിതിയും ലക്ഷണങ്ങളുടെ സ്വഭാവവും കാലയളവും സംബന്ധിച്ച ലഭ്യമായ ഏതെങ്കിലും വിവരങ്ങൾ.

33. ജലത്തിന്റെ പരിശോധന.—(i) ജലത്തിന്റെ സാമ്പിൾ ലാബറട്ടറിയിൽ എത്തിയാൽ ഉടൻതന്നെ പരിശോധിക്കുന്നത് അഭികാമ്യമാകയാൽ, ജലത്തിന്റെ സാമ്പിൾ പരിശോധനയ്ക്കായി കെമിക്കൽ എക്സാമിനർക്ക് അയയ്ക്കുന്നതിന് മുമ്പ് അത്തരം സാമ്പിൾ പരിശോധനയ്ക്കായി സ്വീകരിക്കുവാൻ സൗകര്യമാണോ എന്ന് കെമിക്കൽ എക്സാമിനർക്ക് എഴുതേണ്ടതാകുന്നു.

(ii) ഉത്തരവാദിത്വമുള്ള ഒരാൾ സാമ്പിൾ ശേഖരിക്കുന്നതിന്റെ ചുമതല എല്ലായ്പോഴും ഏറെറടുക്കേണ്ടതാകുന്നു. ഇതിനായി ശിപായിമാരേയോ മററു ജീവനക്കാരേയോ ചുമതലപ്പെടുത്തുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. ഉപയോഗിക്കുന്ന കുപ്പികൾ നന്നായി വൃത്തിയാക്കേണ്ടതും, അവ നിറയ്ക്കുന്നതിന് തൊട്ടുമുമ്പ് നിറയ്ക്കേണ്ട ജലംകൊണ്ട് രണ്ടു തവണ അവ കഴുകേണ്ടതും ആകുന്നു.

(iii) സ്ഫടികത്തിന്റെ അടപ്പുള്ള കുപ്പികളാണ് എപ്പോഴും നല്ലത്. അവ കിട്ടുന്നില്ലെങ്കിൽ നേരിയ നിറമുള്ള ക്വാർട്ടുവൈൻ കുപ്പികൾ പുതിയ കോർക്കുകൊണ്ടടച്ച് ഉപയോഗിക്കാവുന്നതാണ്. കുപ്പികൾ നിറയ്ക്കുമ്പോൾ കോർക്കിനും ജലത്തിനും ഇടയിലായി കുറച്ചു സ്ഥലം ഇടണം.

(iv) ജലത്തിന്റെ ഓരോ സാമ്പിളും ഒരു ഗ്യാലനിൽ കുറയാതെ അയയ്ക്കേണ്ടതാണ്.

(v) ഓരോ കുപ്പിയിലെ ലേബലിലും കിണറിന്റെ പേരും, ശേഖരിച്ച തീയതിയും എഴുതണം.

(vi) ബന്ധപ്പെട്ട ഓഫീസർ പരിശോധനയ്ക്കായി ജലം അയയ്ക്കുമ്പോൾ അതോടൊപ്പം ഒരു പ്രത്യേക കത്തുകൂടി കെമിക്കൽ എക്സാമിനർക്ക് അയയ്ക്കേണ്ടതാണ്. ഈ കത്തിൽ താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയിരിക്കണം.

(എ) കുപ്പികൾ അടയ്ക്കുവാനായി ഉപയോഗിച്ച സീലിന്റെ മുദ്രിത രൂപവും അതിന്റെ വിവരണവും.

(ബി) എത്ര സാമ്പിളുകൾ അയച്ചുവെന്ന വിവരവും അവ എങ്ങനെ അയയ്ക്കുന്നുവെന്ന വിവരവും.

(സി) പരിശോധന ഏത് ആവശ്യത്തിനാണെന്നതിന്റെ കാരണവും, ആർക്കാണ് ആവശ്യം എന്നതിനെപ്പററിയുള്ള വിവരണവും.

(ഡി) ഓരോ സാമ്പിളും എവിടെ നിന്നും ആര് എപ്പോൾ ശേഖരിച്ചുവെന്ന വിവരം അടങ്ങുന്ന ഒരു പ്രസ്താവന.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സി. ആർ. കൃഷ്ണമൂർത്തി,

സെക്രട്ടറി.

---